പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 857

06.06.2018 ലെ മറുപടിയ്ക്ക്.

# പട്ടികജാതി വിഭാഗങ്ങൾക്കായി സാമൂഹ്യ ക്ഷേമപദ്ധതികൾ

**ചോദ്യം**
**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പട്ടികജാതി വിഭാഗത്തിൽപ്പട്ട 7000 ത്തോളം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടുകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>2. പട്ടികജാതി വിഭാഗത്തിൽപ്പട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി നടപ്പിലാക്കി വരുന്നു.<br>3. M.Sc Electronics, B.Arch, M. Phil , Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>4. പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ. റ്റി. ഐ. കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി രാവിലെ ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതിയും ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, |

| | | | |
|---|---|---|---|
| | | | എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>6. 5 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികൾക്കുകൂടി പ്രീ-മെട്രിക് എയ്ഡ് അനുവദിച്ചു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചതും, നടപ്പിലാക്കിയതുമായ പദ്ധതികൾ എന്തൊക്കെയായിരുന്നു; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചതും, ഇപ്പോഴും തുടരുന്നതും നടപ്പിലാക്കിയതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കോളനി വികസനത്തിന് ഗാന്ധിഗ്രാമം/ സ്വയം പര്യാപ്ത ഗ്രാമം പദ്ധതികൾ.<br>2. കാവ്, കുളങ്ങൾ ഇവയുടെ സംരക്ഷണത്തിനുള്ള പദ്ധതി.<br>3. ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രൈമറി എഡ്യുക്കേഷൻ എയ്ഡ്.<br>4. വിദേശ തൊഴിൽ ധനസഹായ പദ്ധതി.<br>5. വിജ്ഞാൻവാടികൾ<br>6. വിഷൻ 201 3.<br>7. സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം. |
| (സി) | 2016-17 - ലും 2017-18 ലും ഈ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി ലഭിച്ച തുകയെത്രയെന്നും, അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ 64.72 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 108.81 കോടി രൂപയും കേന്ദ്രധനസഹായമായി ലഭിച്ചു.<br><br>2016-17 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാനം ആകെ 312.06 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 332.07 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**